## പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2901 20.06.2013-ലെ മറുപടിക്ക്

# കാസർഗോഡ് ജില്ലയിലെ ദേശീയപാതയിൽ അപകടങ്ങൾ ഉണ്ടാകുന്ന വളവുകൾ നിവർത്തുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ഇ.ചന്ദ്രശേഖരൻ | | **ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) | കാസർഗോഡ് ജില്ലയിലെ ദേശീയപാതയിൽ തുടർച്ചയായി അപകടങ്ങൾ ഉണ്ടാകുന്ന വളവുകൾ ഏതെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ. ഉണ്ടെങ്കിൽ ഏതൊക്കെയാണ്; | (എ) | കാസർഗോഡ് ജില്ലയിൽ നാഷണൽ ഹൈവേയിൽ താഴെ പറയുന്ന വളവുകളിൽ റോഡ് അപകടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുട്ലു പാലത്തിന് സമീപം കി.മീ. 47/830 ചെർക്കള മുതൽ ചട്ടഞ്ചാൽ വരെയുള്ള ഭാഗങ്ങളിൽ കി.മീ. 60/100, 61/500, 62/370, 62/600 ചാലിങ്കാൽ (77/800), മൂലക്കണ്ടം(81/700), നീലേശ്വരം-നെടുങ്കണ്ടം (92/700)ഞാണങ്കൈ(100/500). |
| (ബി) | ഈ വളവുകൾ നിവർത്തി റോഡപകടങ്ങൾ ഇല്ലാതാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ബി) | ഇതിൽ കുട്ലു പാലത്തിന് സമീപം വീതി കൂട്ടാനും സുരക്ഷാ നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന ബോർഡുകളും, റീട്രോ റിഫ്ളക്ടറി ബോർഡുകളും, റോഡ് സ്റ്റഡുകളും സ്ഥാപിക്കുന്നതിനുള്ള പ്രവർത്തികൾക്ക് ടെണ്ടർ ക്ഷണിച്ച് എഗ്രിമെന്റ് വച്ചിട്ടുണ്ട്. പ്രവർത്തികൾ ഉടൻ ആരംഭിക്കുന്നതാണ്. കി.മീ. 58/000 മുതൽ 65/000 വരെ (ചെർക്കള മുതൽ ചട്ടഞ്ചാൽ വരെ)-യുള്ള വളവുകളിൽ വീതികൂട്ടി ഇന്റർലോക്ക് ടൈലുകൾ പാകി, സുരക്ഷാ നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന ബോർഡുകൾ സ്ഥാപിക്കുകയും സ്പീഡ് കുറയ്ക്കുന്നതിനുള്ള നിയന്ത്രണങ്ങൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കി.മീ. 77/800 മൂലക്കണ്ടം വളവിൽ സ്പീഡ് കുറയ്ക്കുന്നതിന് സ്പീഡ് ബ്രേക്കറുകൾ സ്ഥാപിച്ചിട്ടുണ്ട്. വാഹനങ്ങൾക്ക് വളവുകളിൽ സൈറ്റ് ഡിസ്റ്റൻഡ് ലഭിയ്ക്കുന്നതിനായി മണ്ണ് മാറ്റി റോഡ് സൈഡുകൾ വീതി കൂട്ടിയിട്ടുണ്ട്. നീലേശ്വരം, നെടുങ്കണ്ടം, ഞാണങ്കൈ എന്നീ സ്ഥലങ്ങളിലും സുരക്ഷാ മാർഗ്ഗ നിർദ്ദേശങ്ങൾക്കുള്ള ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി). | ഇതിന്റെ ഫലമായി ഏതെല്ലാം വളവുകളിലാണ് അപകടങ്ങൾ കുറഞ്ഞിട്ടുള്ളത് എന്നറിയിക്കാമോ? | (സി). | എല്ലാ വളവുകളിലും അപകടങ്ങൾ കുറഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ